പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3087 — 18.06.2019-ൽ മറുപടിക്ക്

## തണ്ണീർത്തടങ്ങൾ പരിവർത്തനം ചെയ്ത ഭൂമിയിൽ പുതിയ നിർമ്മാണം നടത്തുന്നതിന് ഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ന് മുൻപ് തണ്ണീർത്തടങ്ങൾ പരിവർത്തനം ചെയ്ത ഭൂമിയിൽ പുതിയ നിർമ്മാണം നടത്തുന്നതിന് ഫീസ് അടച്ച് പ്രസ്തുത ഭൂമി ക്രമപ്പെടുത്തുന്നതിലേയ്ക്കായി പുറപ്പെടുവിച്ച ചട്ടം സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള വ്യാപകമായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) വ്യാപകമായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) ഇത്തരം ഭൂമിയിൽ നാല്പതും അമ്പതും വർഷങ്ങൾക്ക് മുൻപ് വീട് നിർമ്മിച്ചവർ അത് പൊളിച്ച് പുതിയ വീട് വയ്ക്കുന്നതിന് നിശ്ചിത ഫീസ് അടച്ച് ഭൂമി ക്രമപ്പെടുത്തണമെന്ന വ്യവസ്ഥ ആയിരക്കണക്കിന് സാധാരണക്കാരെയും പാവപ്പെട്ട കർഷക കുടുംബങ്ങളെയും വിഷമത്തിലാക്കിയിട്ടുള്ള അവസ്ഥ പരിഹരിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) സ്വഭാവ വ്യതിയാനം അനുവദിക്കുന്ന ഭൂമി 04/07/1967-ന് മുൻപ് നികത്തിയതോ നികന്നതോ ആണെന്ന് അപേക്ഷകൻ തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിന് യാതൊരു വിധ ഫീസും അടയ്ക്കേണ്ടതില്ല. അതിനാൽ അപ്രകാരമുള്ള ഭൂമിയിൽ വീട് നിർമ്മിച്ചവർ പൊളിച്ച് പുതിയ വീട് നിർമ്മിക്കുന്ന അവസരത്തിൽ നിശ്ചിത ഫീസ് അടച്ച് ഭൂമി ക്രമവൽക്കരിക്കണമെന്ന് വ്യവസ്ഥയില്ലാത്തതാണ്. |
| (സി) 2008-നോടടുത്ത് മണ്ണിട്ടുനികത്തിയ ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും 2008-ന് വർഷങ്ങൾക്കു മുൻപേതന്നെ കൈവശമുള്ള ഭൂമിയിൽ (നിലം/തണ്ണീർത്തടം) സ്ഥിതിചെയ്ത പഴക്കം ചെന്ന വീട് പൊളിച്ച് പുതിയ വീട് നിർമ്മിക്കുന്നതിനും ഒരേ ചട്ടം പ്രാബല്യത്തിലാക്കിയത് പുനഃ പരിശോധിച്ച് ന്യായവിലയുടെ നിശ്ചിത ശതമാനം എന്നതിനുപകരം വിവിധ സ്ലാബുകളാക്കി താങ്ങാനാകുന്ന നിരക്ക് നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) 2008-ന് മുമ്പ് നികത്തപ്പെട്ടതും B.T.R-ൽ നിലമായി രേഖപ്പെടുത്തപ്പെട്ടതുമായ എല്ലാ ഭൂമിയും കാല പരിധി ബാധകമല്ലാതെ 'നിലം' വിഭാഗത്തിൽപ്പെട്ടവയാണ്. അത്തരം ഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർ ത്തട സംരക്ഷണ നിയമത്തിന്റെയും 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെയും അനുബന്ധ ചട്ടങ്ങളുടെയും പരിധിയിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ